## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3392** | **19.06.2019 ൽ മറുപടിയ്ക്ക്**

### സർക്കാർ തലത്തിൽ ഓൺലൈൻ ടാക്സി ആരംഭിക്കുന്നതിന് നടപടി

| | ചോദ്യം<br>ശ്രീ.പി.കെ.ബഷീർ | | മറുപടി<br>ശ്രീ.എ.കെ.ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | അന്തരീക്ഷമലിനീകരണവും ആരോഗ്യ പ്രശ്നങ്ങളും കുറയ്ക്കുന്നതിന് സ്വകാര്യ വാഹനങ്ങളുടെ എണ്ണം കുറച്ച് പൊതുഗതാഗത സംവിധാനത്തിലേക്ക് ജനങ്ങളെ ആകർഷിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ; | (എ) | സംസ്ഥാനത്തെ പൊതു ഗതാഗത സംവിധാനം ശക്തിപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ പരിസ്ഥിതി സൗഹൃദ വാഹനമായ ഇലക്ട്രിക് വാഹനങ്ങളും മർദ്ദിത പ്രകൃതി വാതകമായ സി.എൻജി/എൽ.എൻ.ജി/ഓട്ടോ എൽ.പി.ജി എന്നിവ ഇന്ധനമായി ഉപയോഗിക്കുന്ന വാഹനങ്ങൾ പരമാവധി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ഇത്തരം വാഹനങ്ങൾ സംസ്ഥാനത്തുടനീളം വിൽക്കുന്നതിനും വിൽപ്പനാന്തര സേവനം നൽകുന്നതിനും മോട്ടോർ വാഹന വകുപ്പ് അനുമതി നൽകിയിട്ടുണ്ട്. പാവപ്പെട്ട തൊഴിൽ രഹിതരായ ചെറുപ്പക്കാർക്ക് കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കപ്പെടുന്നതിനും അന്തരീക്ഷ മലിനീകരണവും ശബ്ദമലിനീകരണവും അതുമൂലമുണ്ടാകുന്ന ആരോഗ്യപ്രശ്നങ്ങൾക്കും പരിഹാരമുണ്ടാക്കുന്നതിനും ഇത്തരം വാഹനങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനും ഇ-റിക്ഷകൾക്ക് കുറഞ്ഞ നിരക്കിലുള്ള നികുതിയാണ് ഏർപ്പെടുത്തിയിരിക്കുന്നത്. സർക്കാർ ഉ.(എം.എസ്) നം.24/19/ട്രാൻസ് തീയതി 10.03.2019 പ്രകാരം ഒരു ഇലക്ട്രിക് വെഹിക്കിൾ പോളിസി രൂപീകരിച്ചിട്ടുള്ളതും, ആയതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തിനുള്ളിൽ തന്നെ ഇലക്ട്രിക് വാഹനങ്ങൾ ഉല്പാദിപ്പിക്കുന്നതിനും കെ എസ് ഇ ബി യുടെ സഹകരണത്തോടെ ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനും, ഇതിനായി ജനങ്ങൾക്ക് ബോധവത്കരണം ഉൾപ്പെടെയുള്ള കാര്യങ്ങൾ നടപ്പിലാക്കു വാനും സർക്കാർ തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. പതിനഞ്ച് വർഷത്തിനുമുകളിൽ പഴക്കമുള്ള ഡീസൽ ഓട്ടോറിക്ഷകൾ നിർബന്ധമായും സി.എൻ.ജി/ എൽ.എൻ.ജി/ഇലക്ട്രിക് ഓട്ടോറിക്ഷകളാക്കി മാറ്റണമെന്ന് ഇലക്ട്രിക് വെഹിക്കിൾ പോളിസിയിൽ ലക്ഷ്യം വെച്ചിട്ടുണ്ട്. ഇതിന് 2020 മാർച്ച് 31 വരെ സമയം അനുവദിച്ചിട്ടുണ്ട്.<br>തിരുവനന്തപുരം, കോഴിക്കോട്, എറണാകുളം എന്നീ നഗരങ്ങളിൽ ഇ-വാഹന പെർമിറ്റുകളുടെ എണ്ണം വർദ്ധിപ്പിക്കുവാനും ടി നഗരങ്ങളിൽ പുതിയ സിറ്റി പെർമിറ്റുകൾ നല്കുന്നത് ഇലക്ട്രിക് ഓട്ടോറിക്ഷകൾക്ക് മാത്രമായി പരിമിതപ്പെടുത്തുവാനും തീരുമാനിച്ചിട്ടുണ്ട്. 15 |

| | | | |
|---|---|---|---|
| | | | വർഷത്തിൽ കൂടുതൽ പഴക്കമുള്ള ഓട്ടോറിക്ഷകൾക്ക് പെർമിറ്റ് പുതുക്കി നൽകുന്നതിന് പ്രസ്തുത വാഹനം ഇലക്ട്രിക് ഓട്ടോറിക്ഷയായി രൂപ മാറ്റം നടത്തണമെന്ന് വ്യവസ്ഥ ചെയ്യാൻ തീരുമാനിച്ചു. ബി.പി.സി. എല്ലിന്റെ പമ്പുകളിലും കെ.എസ്.ഇ.ബിയുടെ സഹകരണത്തോടെ തിരഞ്ഞെടുക്കപ്പെട്ട കേന്ദ്രങ്ങളിലും ചാർജ്ജിംഗ് സ്റ്റേഷനുകൾ തുടങ്ങാൻ നടപടി സ്വീകരിച്ചു വരുന്നു. ഇ-റിക്ഷകളെ പെർമിറ്റിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. ഇ-റിക്ഷകൾക്ക് ഒറ്റത്തവണ വാഹന നികുതിയിൽ ഗണ്യമായ കുറവ് വരുത്തിയിട്ടുണ്ട്. |
| (ബി) | ടാക്സി സർവ്വീസുകളെ ഉൾപ്പെടുത്തി ഓൺ ലൈൻ ടാക്സികളുടെ മാതൃകയിൽ സർവ്വീസുകൾ ആരംഭിക്കുകയാണെങ്കിൽ ചാർജ് സംബന്ധിച്ച തർക്കങ്ങളും പ്രശ്നങ്ങളും ഒഴിവാക്കാൻ കഴിയുകയും മെച്ചപ്പെട്ട സേവനം ഉപഭോക്താക്കൾക്ക് ലഭിക്കുകയും ചെയ്യുമെന്നതിനാൽ ഇത്തരത്തിലുള്ള സംവിധാനം സർക്കാർ തലത്തിൽ ഉടൻ ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ; വ്യക്തമാക്കുമോ; | (ബി) | ഇത്തരം സംവിധാനം ഒരുക്കുന്നതിനുള്ള പദ്ധതി തൊഴിൽ വകുപ്പിന്റെ പരിഗണനയിലുണ്ട്. |
| (സി) | പൊതുവാഹനങ്ങൾ കൃത്യസമയത്ത് ലഭ്യമാകുന്നുവെന്ന് ഉറപ്പുവരുത്തി പൊതുഗതാഗത സംവിധാനത്തിന് വിശ്വാസ്യത കൈവരിക്കാൻ സാധിക്കുമോ എന്ന് വ്യക്തമാക്കുമോ; ഇതിനായി സ്വീകരിക്കുന്ന നടപടികൾ അറിയിക്കുമോ? | (സി) | സ്വകാര്യ ബസ്സുകളുടെ ടൈം ഷെഡ്യൂൾ കമ്പ്യൂട്ടർവൽക്കരിച്ച് വരുന്നു. ഇത് പൂർത്തിയാകുന്നതോടെ ഇത്തരം വാഹനങ്ങൾ സമയക്രമം പാലിക്കുന്നുണ്ടോ എന്നും വാഹനം നിലവിൽ ഏത് സ്ഥലത്താണ് ഉള്ളത് തുടങ്ങിയ വിവരങ്ങൾ യാത്രക്കാർക്കും മോട്ടോർ വാഹന വകുപ്പ്, പോലീസ് തുടങ്ങിയ ഏജൻസികൾക്കും അറിയാൻ സാധിക്കും. കൂടാതെ പ്രധാനപ്പെട്ട സ്ഥലങ്ങളിൽ പ്രീപെയ്ഡ് ഓട്ടോറിക്ഷാ സമ്പ്രദായം നടപ്പിലാക്കിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**